# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6453

03.04.2018-ലെ മറുപടി

## നദികളിലെയും ജലാശയങ്ങളിലെയും സൈനോ ബാക്ടീരിയ സാന്നിദ്ധ്യം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി. ദിവാകരൻ :** | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്തെ നദികളിലും ജലാശയങ്ങളിലും സൈനോ ബാക്ടീരിയകൾ പടർന്നു പിടിക്കുന്നതായ വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് നിയന്ത്രിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്; തൃശ്ശൂർ ജില്ലയിലെ ചാലക്കുടിപ്പുഴയിലും മലപ്പുറം ജില്ലയിലെ ചാലിയാർ പുഴയിലും സൈനോബാക്ടീരിയയുടെ സാന്നിദ്ധ്യം സമീപകാലത്ത് കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ചാലിയാർ പുഴയിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ മലപ്പുറം ജില്ല കലക്ടർ വിളിച്ചുചേർത്ത ദുരന്തനിവാരണ അതോറിറ്റി യോഗത്തിൽ മാലിന്യം തള്ളുന്നവർക്കെതിരെ കർശന നിയമനടപടി എടുക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മാർക്ക് കലക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുജനങ്ങൾ, സംഘടനകൾ എന്നിവരുടെ നേതൃത്വത്തിൽ പുഴയിലുള്ള മാലിന്യങ്ങൾ നീക്കാനുള്ള സന്നദ്ധ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. |
| (ബി) സൈനോ ബാക്ടീരിയകൾ മനുഷ്യ ശരീരത്തിൽ കടന്ന് അസുഖങ്ങൾ ഉണ്ടാക്കും എന്ന തരത്തിലുള്ള വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിൽ മനുഷ്യർക്ക് അസുഖം ബാധിച്ചിട്ടുണ്ടോ എന്നും ഏതെല്ലാം ജില്ലകളിലാണ് അസുഖം കണ്ടെത്തിയതെന്നും വ്യക്തമാക്കുമോ? | (ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ ജലവിഭവ വകുപ്പിൽ ലഭ്യമല്ല. |

**സെക്ഷൻ ഓഫീസർ**

8